സി.ഇ.ഇ./5354/പി.ജി.എം–2019/റ്റി.എ.3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## പി.ജി.മെഡിക്കൽ കോഴ്സിലേയ്ക്കുള്ള പ്രവേശനം– 2019–20
## കേരള സ്റ്റേറ്റ് റാങ്ക് ലിസ്റ്റും കാറ്റഗറി ലിസ്റ്റുകളും പ്രസിദ്ധീകരിച്ചു

കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകൾ, റീജിയണൽ ക്യാൻസർ സെന്റർ എന്നിവയിലെ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്കും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ട/എൻ.ആർ.ഐ. ക്വാട്ട ഉൾപ്പെടെ മുഴുവൻ സീറ്റുകളിലേയ്ക്കും 2019–20 അധ്യയന വർഷത്തെ വിവിധ പി.ജി മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ച വിദ്യാർത്ഥികളുടെ കേരളാ സ്റ്റേറ്റ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് വിവരം **www.cee.kerala.gov.in**, **www.cee-kerala.org** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. റാങ്ക് ലിസ്റ്റിനോടൊപ്പം സർക്കാർ മെഡിക്കൽ കോളേജുകളിലെ സർവീസ് ക്വാട്ട, സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മൈനോറിറ്റി/ എൻ.ആർ.ഐ ക്വാട്ട ഉൾപ്പെടെയുള്ള വിവിധ കാറ്റഗറി ലിസ്റ്റുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പി.ജി മെഡിക്കൽ (ഡിഗ്രി/ ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള ഒന്നാംഘട്ട കൗൺസിലിംഗിനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് **05.04.2019 വൈകുന്നേരം 5 മണി വരെ** സമയം ലഭ്യമാകുന്നതാണ്. തുടർന്ന് 07.04.2019–ന് ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.

തിരുവനന്തപുരം
04.04.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**